**കേരള സർക്കാർ**

**സംഗ്രഹം**

ന്യൂനപക്ഷ ക്ഷേമ വകുപ്പ് - ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും പ്രൊമോട്ടർമാരെ നിയമിക്കുന്ന തിനുമുള്ള പദ്ധതി - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

**സ.ഉ.(സാധാ ) നം.5001/2012/പൊഭവ** **തിരുവനന്തപുരം, തീയതി: 16.06.2012**

---

പരാമർശം:- ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ 04.11.11, 23.05.12 എന്നീ തീയതികളിലെ 1187/Ad/11/MWD നമ്പരായുള്ള കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ മത ന്യൂനപക്ഷങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതി കൾ ആസൂത്രണം ചെയ്തുവരുന്നുണ്ടെങ്കിലും അവയൊന്നും പൂർണ അളവിൽ ഗുണഭോക്താക്കളിൽ എത്താത്തതിനാൽ പ്രതീക്ഷിച്ച വിജയം കൈവരിക്കാനായിട്ടില്ല. മേൽ പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഈ അവബോധമില്ലായ്മ ഒരു വിഘാതമായി നിലനിൽക്കുന്നുണ്ട്.

2. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, സ്കോളർഷിപ്പുകൾ ആനുകൂല്യങ്ങൾ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വ്യാപകമായും ഗുണഭോക്താ ക്കളിൽ എത്തിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി ഒരു പഞ്ചായത്തിൽ ഒന്ന് എന്ന ക്രമത്തിൽ 1000 പ്രൊമോട്ടർമാരെയും ന്യൂനപക്ഷ സ്ഥാപനങ്ങളും ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 1000 ബോധവൽക്കരണ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും ഓരോ ക്യാമ്പിനും 5000 രൂപ ധനസഹായം നൽകുന്നതിനും ഉള്ള നിർദ്ദേശം പരാമർശം -1 പ്രകാരം ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളെ ക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും 1000 ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുന്ന തിനുമുള്ള പദ്ധതി അംഗീകരിച്ച് താഴെപ്പറയുന്ന നിബന്ധനകളോടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(1) പ്രൊമോട്ടർമാരായി പത്താം ക്ലാസ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ പ്രായോഗിക പരിജ്ഞാനമുള്ളവരിൽ നിന്നും പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ടെസ്റ്റ്/ഇന്റർവ്യൂ നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കേണ്ടതാണ്.

(2) ന്യൂനപക്ഷ ജനസംഖ്യാനുപാതികമായി ഓരോ പ്രൊമോട്ടർമാരുടെയും പ്രവർത്തന പരിധി നിശ്ചയിക്കേണ്ടതാണ്.

(3) പ്രൊമോട്ടർമാരെ ഓരോ ജില്ലാ കളക്ടറേറ്റിലെയും ന്യൂനപക്ഷ സെല്ലിന്റെ നിയന്ത്രണത്തിലാക്കേണ്ടതാണ്.

(4) പ്രൊമോട്ടർമാർ നിയമിക്കപ്പെടുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ദൈനംദിന പ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാർക്ക് പ്രതിമാസം 4,000/- രൂപ (നാലായിരം രൂപ മാത്രം) ഹോണറേറിയം നൽകാവുന്നതാണ്.

(6) ന്യൂനപക്ഷ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്ന സന്നദ്ധ സംഘടനകൾക്കും മഹല്ല് ജമാഅത്തുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പരമാവധി 5,000/- രൂപ (അയ്യായിരം രൂപ മാത്രം) ധനസഹായം നൽകാവുന്നതാണ്.

മേൽ പദ്ധതികൾക്കാവശ്യമായ തുക ന്യൂ സർവീസ്/റീ അപ്രോപ്രിയേഷൻ വഴി കണ്ടെത്തുന്നതിനുള്ള വിശദമായ നിർദ്ദേശം ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ. ജ്യോതിലാൽ**

**സെക്രട്ടറി**

ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്, അദ്ധ്യാപക ഭവൻ ലെയിൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

പകർപ്പ്:- നഗരകാര്യ - ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.